## നോവൽ – മുപ്പത്തിയേഴ്

# അഹ്മദ് ഖലീൽ

**മർയം ജമീല**

വിവ: ഹഫ്സ



**“... ബാപ്പാ,** അരാംകോ എണ്ണക്കമ്പനിയിൽ ചീഫ് അക്കൗണ്ടന്റാണ് ഞാനിപ്പോൾ. നല്ല ശമ്പളമുണ്ട്. ദഹ്റാനിലെ അമേരിക്കൻ ക്വാർട്ടേഴ്സിൽ താമസസൗകര്യവും ലഭിച്ചിട്ടുണ്ട്. റമദാനായതുകൊണ്ട് അവധിയാണ്. ഞാനങ്ങോട്ട് വരുന്നുണ്ട്. ഈ കത്ത് അവിടെ കിട്ടിക്കഴിഞ്ഞ് രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ ഞാനവിടെ എത്തും. ഒരുപാട് വിശേഷങ്ങൾ പറയാനുണ്ട്...”

ഇസ്മാഈലിന്റെ കത്ത് വായിക്കുകയാണ് അഹ്മദ് ഖലീൽ. അബ്ദുർറാസിഖും റാശിദും അമ്മാവനും ഇൻആമുല്ലയും അബ്ദുർറഹ്മാനും അയാളുടെ ചുറ്റും നിൽക്കുന്നു.

അമ്മാവൻ മൻസൂർ പറഞ്ഞു: “ഏതായാലും അവന് ഇപ്പോൾ വരാൻ തോന്നിയത് നന്നായി. മൂന്നാലു ദിവസം കഴിഞ്ഞാണ് വന്നതെങ്കിൽ ഈ വീട് കാണില്ലായിരുന്നു. ഞങ്ങൾ എങ്ങോട്ട് പോയെന്ന്...”

“കണ്ടുപിടിക്കാൻ അവന് പ്രയാസപ്പെടേണ്ടിവരില്ല”– അഹ്മദ് ഖലീൽ പറഞ്ഞു. “മറ്റൊരു വാടകവീട് കണ്ടെത്തുന്നതുവരെ ഞങ്ങളെ കൂടെ പാർപ്പിക്കാമെന്ന് ഏറ്റിട്ടുണ്ട് ഇൻആമുല്ല, അല്ലേ.”

ചുമ കാരണം തുടർന്നു പറയാനായില്ല. ചുമച്ച് ചുമച്ച് അയാൾ അബ്ദുർറാസിഖിന്റെ മേൽ ചാഞ്ഞു. അബ്ദുർറാസിഖ് അയാളെ പതുക്കെ കിടത്തിയിട്ട് പറഞ്ഞു: “ബാപ്പാ, ഒരു വിശേഷം കൂടിയുണ്ട്. മദീനയിലെ ഇസ്ലാമിക് യൂനിവേഴ്സിറ്റിയിൽ എനിക്ക് പ്രവേശനം ലഭിച്ചു, സ്കോളർഷിപ്പോടെ. റമദാൻ കഴിഞ്ഞ് ക്ലാസാരംഭിക്കും. കരീമിന്റെ കൂടെ പോയി അവിടത്തെ ചില അധ്യാപകരെയും വിദ്യാർഥികളെയും ഞാൻ പരിചയപ്പെട്ടു. അസ്ഹറിലുള്ളതിനേക്കാൾ വലിയൊരു ലൈബ്രറിയുണ്ട് അവിടെ. പഴയ പ്രതാപമെല്ലാം നശിച്ച അസ്ഹറിലേക്ക് ഇനി മടങ്ങേണ്ടല്ലോ... അല്ലാഹുവിന് സ്തുതി!”

അഹ്മദ് ഖലീൽ അബ്ദുർറാസിഖിന്റെ കൈപിടിച്ച് നെഞ്ചോട് ചേർത്തുകൊണ്ട് പറഞ്ഞു: “മോനേ, ലൈലത്തുൽ ഖദ്ർ– ഈ അനുഗൃഹീത രാത്രി– അടുത്ത കൊല്ലം

ഞാനുണ്ടാവില്ല, മോനേ... *സൂറത്തുൽ ഖദ്ർ* നീയൊന്നോത്."

അബ്ദുർറാസിഖ് ഓതി:

*വിധിതീർപ്പിന്റെ രാത്രിയിലാണ് നാം ഇതവതരിപ്പിച്ചത്. നിനക്കറിയാമോ, എന്താണ് വിധിതീർപ്പിന്റെ രാത്രി? ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായത്, വിധിതീർപ്പിന്റെ രാത്രി. മലക്കുകളും പരിശുദ്ധാത്മാവും തങ്ങളുടെ രക്ഷിതാവിന്റെ അനുമതിയോടെ സർവ തീർപ്പുകളുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. സമാധാനത്തിന്റെ രാത്രി, പ്രഭാതോദയം വരെ....*

അബ്ദുർറാസിഖ് ഓതി ത്തീർന്നതും വാതിൽക്കൽ ആരോ മുട്ടുന്നു. റാശിദ് എഴുന്നേറ്റു പോയി വാതിൽ തുറന്നു. സൂട്ടും കോട്ടും ടൈയും ധരിച്ച് വാതിൽക്കൽ ഇസ്മാഈൽ. തവിട്ടുനിറമുള്ള വില കൂടിയ ഒരു സൂട്ട്കേസുണ്ട് കൈയിൽ.

"കത്ത് കിട്ടിയില്ലേ?"- അയാൾ ചോദിച്ചു.

"വിമാനം വൈകി. ടാക്സിക്ക് കുറേ നേരം കാത്തുനിൽക്കേണ്ടിവന്നു. ഉച്ചക്ക് മുമ്പേ എത്തേണ്ടതായിരുന്നു."

അയാൾ തുടർന്നു.

ആരും ഒന്നും മിണ്ടുന്നില്ല. അയാളെ തുറിച്ചുനോക്കുന്ന റാശിദിന്റെ കണ്ണിൽ അത്ഭുതം.

"ബാപ്പ എവിടെ?" അയാൾ ചുറ്റും നോക്കി.

ഷൂസ് അഴിച്ചുവെക്കാതെ അഹ്മദ് ഖലീലിന്റെ അടുക്കലേക്ക് നടന്നടുക്കുന്ന അയാളെ കണ്ട് ഇൻആമുല്ലയും അബ്ദുർറഹ്മാനും മുഖത്തോടു മുഖം നോക്കി. ഇവന് മര്യാദ തീരെയില്ലല്ലോ എന്ന ഭാവം. അഹ്മദ് ഖലീലിനെ അവർ എഴുന്നേൽപിച്ചിരുത്തി. ബാപ്പയുടെ കോലം കണ്ട് കരഞ്ഞുപോയി ഇസ്മാഈൽ. 'ബാപ്പാ' എന്നു വിളിച്ചുകൊണ്ട് അയാൾ മുന്നോട്ടാഞ്ഞു. എന്നാൽ എന്തോ പറയാൻ വാ തുറന്ന അഹ്മദ് ഖലീൽ ശക്തിയായി ചുമച്ചു തുടങ്ങി. ഒടുക്കം അയാൾ ഇരു കരങ്ങളും നീട്ടി മകനെ കെട്ടിപ്പുണരാനാഞ്ഞപ്പോൾ ഇസ്മാഈൽ പിറകോട്ടു മാറിക്കളഞ്ഞു.

"ബാപ്പാ, മാപ്പാക്കണം. ക്ഷയരോഗമാണല്ലോ ബാപ്പക്ക്. പകരുന്ന രോഗം. ഉമ്മ എവിടെ?"

എന്താണവൻ പറയുന്നതെന്ന് മനസ്സിലാക്കാൻ അഹ്മദ് ഖലീൽ ശ്രമിക്കുന്നതിനിടയിൽ ഇസ്മാഈൽ പിന്തിരിഞ്ഞു.

അടുക്കളയിൽ എന്തോ പാകം ചെയ്യുകയാണ് അസ്മ. നോമ്പ് തുറക്കാനുള്ളത്. ഒറ്റനോട്ടത്തിൽ തന്റെ ഉമ്മതന്നെയാണോ ഇത് എന്ന് സംശയിച്ചു പോയി ഇസ്മാഈൽ. അകാല വാർധക്യം ബാധിച്ച ഒരു കോലം. മകനെ കെട്ടിപ്പിടിച്ച് മൂർധാവിൽ ഉമ്മവെച്ചെങ്കിലും എന്തോ ഒരകൽച്ച അനുഭവപ്പെടുന്നു അസ്മക്ക്.

ആ സമയത്ത് പീരങ്കി വെടി മുഴങ്ങി. അസ്മ പറഞ്ഞു: "മോനേ, ആട്ടിറച്ചിയും ചോറുമുണ്ടാക്കിയിട്ടുണ്ട്. നോമ്പ് തുറക്ക്. ഒരു യാത്ര കഴിഞ്ഞെത്തിയ നിനക്കുവേണ്ടി പ്രത്യേകം ഉണ്ടാക്കിയ വിഭവങ്ങൾ...."

"എനിക്ക് നോമ്പില്ലുമ്മാ. വിശക്കുന്നുമില്ല."

"എന്നാലും എന്തെങ്കിലും തിന്നണം. നിനക്കുവേണ്ടി ഞാനുണ്ടാക്കിയ..."

"ശരിയുമ്മാ. പക്ഷേ, ഉമ്മ കണ്ടില്ലേ? എന്തൊരു വൃത്തികേട്. വട്ടം കൂടിയിരുന്ന് കൈയിട്ടു വാരിത്തിന്നാൻ എനിക്ക് വയ്യ..."

നോമ്പ് തുറക്കുന്ന തിരക്കിലായിരുന്നു മറ്റുള്ളവർ. ഇസ്മാഈൽ പറഞ്ഞത് അവർ കേട്ടില്ലെന്നു തോന്നുന്നു. എല്ലാവരും നോമ്പ് തുറന്നു. അഹ്മദ് ഖലീൽ ചോദിച്ചു: "നീ നമസ്കാരം നിർവഹിച്ചോ?'

"ഇല്ല."

"അതെന്താ?"

"ഒന്നുമുണ്ടായിട്ടല്ല."

"എത്ര നോമ്പെടുത്തു?"

"നോമ്പോ... ബാപ്പ എന്നോടൊപ്പം വരുമെങ്കിൽ.... വലിയൊരു തുക എനിക്ക് ശമ്പളം കിട്ടുന്നുണ്ട്. വിദഗ്ധ ചികിത്സ..."

"നോമ്പും നമസ്കാരവുമൊന്നും ഇപ്പോൾ നിന്റെ ചിന്താവിഷയമേയല്ല, അല്ലേ? നീ എന്തെല്ലാമോ പഠിക്കുന്നുണ്ടെന്ന് കൊല്ലങ്ങൾക്ക് മുമ്പെഴുതിയിരുന്നില്ലേ? ഖുർആൻ എത്രത്തോളം പഠിച്ചു? ഹദീസ്..."

"ഖുർആനും ഹദീസുമൊന്നും പഠിക്കാനല്ല...."

"പിന്നെന്ത് പഠിക്കാൻ?"

"ഇംഗ്ലീഷ് ഭാഷ, മെക്കാനിക്സ്, കെമിസ്ട്രി, ഇലക്ട്രോണിക്സ്, അക്കൗണ്ടിംഗ്, ബിസിനസ് അഡ്മിനിസ്ട്രേഷൻ... ബാപ്പക്ക് മനസ്സിലാവില്ല....."

"മനസ്സിലാവും. നല്ലവണ്ണം മനസ്സിലാവും. മുസ്‌ലിമിന്റെ സ്വഭാവമെല്ലാം നീ ഉപേക്ഷിച്ചിരിക്കുന്നു. നമസ്കാരമില്ല, നോമ്പില്ല..."

അമർഷത്തോടെ ഇസ്മാഈൽ ഇടയിൽ കയറിപ്പറഞ്ഞു: "നമസ്കാരവും നോമ്പും! പഴഞ്ചൻ ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയല്ലാതെ ബാപ്പക്ക് മറ്റൊന്നും പറയാനില്ലേ? ഇത് പുതുയുഗമാണ് ബാപ്പാ. നൂറ്റാണ്ടുകൾക്കു മുമ്പ് മരിച്ചു മണ്ണടിഞ്ഞവരുടെ ജീവിതസമ്പ്രദായങ്ങളല്ല ഇന്ന് നാം പിന്തുടരേണ്ടത്. ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടേണ്ടത് പഴഞ്ചൻ കിതാബുകളിലല്ല. പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും കഥകൾ കുട്ടികളെ രസിപ്പിക്കും. സമൂലമായ സാമൂഹിക മാറ്റം സാധ്യമാവണമെങ്കിൽ സോഷ്യലിസം വരണം, വിപ്ലവം നടക്കണം."

ഉത്കൃഷ്ടമായ അറിവുകളാണ് താൻ ബാപ്പക്ക് പകർന്നുനൽകുന്നതെന്ന വിചാരത്തോടെ സോത്സാഹം അയാൾ തുടർന്നു: "മുസ്‌ലിംകളായ നമ്മൾ സത്യവിശ്വാസികളാണെന്ന് ബാപ്പ പറയുന്നു. എന്താണ് ബാപ്പാ, സത്യവിശ്വാസം? ഖുർആനും ഹദീസും മനഃപാഠമാക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്താണ്? മനുഷ്യന് സ്വന്തം കഴിവിൽ വിശ്വാസം വേണം. ജീവിതത്തെ മാറ്റിത്തീർക്കാൻ കഴിയും തനിക്കെന്ന് അവൻ മനസ്സിലാക്കണം. അണക്കെട്ടുകൾ, ഫാക്ടറികൾ, വ്യവസായശാലകൾ, യന്ത്രങ്ങൾ... വികസനമാണ് പ്രധാനം. ആശുപത്രികളിലും സ്കൂളുകളിലും നടക്കേണ്ടത് ആധുനികവത്കരണമാണ്..."

"ആധുനികവത്കരണം പാടില്ലെന്ന വിലക്കുണ്ട് ഇസ്‌ലാമിലെന്ന് ആരു പറഞ്ഞു നിന്നോട്? ജീവിതം ദൈവത്തിന്റെ ദാനമാണ്. ദൈവപ്രീതിയാണ് പരമപ്രധാനം- ഇതാണ് മോനേ ഇസ്‌ലാം പഠിപ്പിക്കുന്നത്. സ്കൂളിൽനിന്നും സർവകലാശാലകളിൽനിന്നും ഇന്ന് നമുക്ക് പകർന്നുകിട്ടുന്ന അറിവാണ് നമ്മെ വഴിപിഴപ്പിക്കുന്നതെന്ന് നീ മനസ്സിലാക്കണം. നൂറ്റാണ്ടുകൾക്കു മുമ്പ് അറബികളുടെ അവസ്ഥ എന്തായിരുന്നു, വിശുദ്ധ ഖുർആനും തിരുനബിയുടെ ജീവിതചര്യകളും അവരുടെ ജീവിതത്തെ മാറ്റിത്തീർത്തത് എങ്ങനെ എന്നൊന്നും നീ പഠിച്ചില്ല. അതാണ് നിനക്ക് പറ്റിയ തെറ്റ്. നമ്മുടെ ശത്രുക്കൾ ആഗ്രഹിക്കുന്നതും ഇതുതന്നെ. മലീമസമാക്കപ്പെട്ട ഇന്നത്തെ വിദ്യാഭ്യാസത്തെയാണ് മാരകായുധങ്ങളേക്കാൾ നമ്മൾ ഭയപ്പെടേണ്ടത്. ഇസ്‌ലാമിന്റെ സുവർണകാലത്തെക്കുറിച്ചുള്ള ഓർമകൾ ശത്രുവിനെ പരിഭ്രാന്തിയിലാക്കുന്നു. നഷ്ടപ്പെട്ട പ്രതാപം നമ്മൾ ഒരിക്കലും വീണ്ടെടുക്കരുതെന്ന് ശത്രു ആഗ്രഹിക്കുന്നു. എന്നാൽ, നോക്കു മോനേ, ഇൻശാഅല്ലാഹ്..."

"പക്ഷേ ബാപ്പാ, പോയ്പ്പോയ കാലത്ത് ജീവിക്കാൻ ഒരാൾക്കും കഴിയില്ല. ഇന്നിന്റെ ആവശ്യങ്ങൾക്കു മുന്നിൽ മൃതമായ ഒന്നിനെ കെട്ടിപ്പിടിച്ചു കുത്തിയിരിക്കുന്നത്..."

"ഇസ്‌ലാം മൃതമായ ഒന്നല്ല. എന്നെന്നും ജീവിക്കുന്നവനാണ് അല്ലാഹു. സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ അല്ലാഹുവുണ്ട്, ഇസ്‌ലാമുണ്ട്. ശത്രുവിന്റെ കുതന്ത്രങ്ങൾ വിജയിക്കാൻ പോകുന്നില്ല. പാശ്ചാത്യരുടെ ചിന്താഗതിയും ജീവിതരീതികളും പിഴച്ചതാണെന്ന തിരി

ച്ചറിവ് നേടി ഒത്തൊരുമയോടെ നാം അവരോട് പൊരുതിയാൽ, ഇൻശാഅല്ലാഹ്..."

"പക്ഷേ ബാപ്പാ, ഞാൻ പറയുന്നത്..."

"നീ പറയുന്നത് എനിക്ക് മനസ്സിലാവുന്നുണ്ട്. ഇങ്ങനെ നീ പറഞ്ഞേക്കുമെന്ന് മുമ്പേ മനസ്സിലാക്കിയില്ലല്ലോ എന്ന ദുഃഖവുമുണ്ട്. അതുപോട്ടെ. നീ വിവാഹിതനായ വിവരം കത്തിൽ കണ്ടല്ലോ. ഒരു ക്രിസ്ത്യാനിപ്പെണ്ണിനെ- എന്തേ ഒരു മുസ്‌ലിം യുവതിയെ കണ്ടുപിടിക്കാൻ കഴിയാതെ പോയത്?"

"എനിക്ക് ചേർന്ന ഒരു വധുവിനെയാണ് ഞാൻ കണ്ടെത്തിയത്. എന്നെപ്പോലെ ചിന്തിക്കുന്നവൾ. യാഥാസ്ഥിതികമായതിനെയെല്ലാം തള്ളിപ്പറയുന്നവൾ. വ്യക്തിസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നവൾ. എന്നെപ്പോലെത്തന്നെ ഒരു വിപ്ലവകാരി. ഒരു ക്രിസ്തീയ പുരോഹിതനാണ് അവളുടെ പിതാവ്. യാഥാസ്ഥിതികൻ. ഞങ്ങളുടെ ബന്ധം അയാളിഷ്ടപ്പെടുന്നില്ല. അവളുടെ മാതാവ് ഒരു പാവം വൃദ്ധ. നിരക്ഷരകുക്ഷി. ബാപ്പയെപ്പോലെ ഞാൻ എന്റെ ഭാര്യയെ വീട്ടിൽ അടച്ചിടാറില്ല. അടിമുടി കറുത്ത വസ്ത്രംകൊണ്ട് മൂടാതെത്തന്നെ ഇഷ്ടമുള്ളപ്പോൾ അവൾക്ക് പുറത്തുപോകാം. അവളെ ഞാൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാനുള്ള ഒരു യന്ത്രമായല്ല കാണുന്നത്. ബൈറൂത്തിലെ അമേരിക്കൻ യൂനിവേഴ്സിറ്റിയിൽനിന്ന് ഓണേഴ്സോടെ ബിരുദം നേടിയിട്ടുണ്ട് അവൾ. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദവുമുണ്ട്. സ്വതന്ത്ര വ്യക്തിത്വങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് ഞങ്ങൾ പരസ്പരം ഗാഢമായി സ്നേഹിക്കുന്നു. ഇപ്പോൾ ഗർഭിണിയാണവൾ. അവളുടെ പ്രസവം ആശുപത്രിയിൽ..."

"എന്തിന് ആശുപത്രി? എന്താണവൾക്ക് അസുഖം?"

ബാപ്പയുടെ നേരെ പുഛം കലർന്ന ഒരു നോട്ടമെറിഞ്ഞുകൊണ്ട് ഇസ്മാഈൽ പറഞ്ഞു: "എന്നെപ്പോലെ മാലിന്യങ്ങൾ നിറഞ്ഞ ഒരു പേറ്റുമുറിയിൽ പിറന്നുവീഴരുത് എന്റെ കുട്ടികൾ എന്ന് ഞാനാഗ്രഹിക്കുന്നു. എന്റെ ഭാര്യക്ക് വിദഗ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും പരിചരണം ലഭിക്കണം. ഉമ്മ എട്ടു കുട്ടികളെ പ്രസവിച്ചില്ലേ? ഏഴും മരിച്ചു. ഈ ദുർഗതി എന്റെ ഭാര്യക്ക് വരരുത്. രണ്ടോ മൂന്നോ കുട്ടികൾ മതി എന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ശൈശവത്തിൽതന്നെ കുട്ടികൾ മരിക്കുന്നത്..."

"അല്ലാഹുവിന്റെ വിധി. കുട്ടികളെ തരുന്നത് അല്ലാഹു. മടക്കിയെടുക്കുന്നതും അല്ലാഹു. എന്റെ ഏഴു കുട്ടികളും മരിച്ചത് ഞങ്ങളുടെ കുറ്റംകൊണ്ടാണെന്ന് നീ..."

"അങ്ങനെ ഞാൻ പറഞ്ഞില്ല, ബാപ്പാ. ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കൂട്ടാക്കാത്ത മനോഭാവം- അതാണെനിക്ക് മനസ്സിലാവാത്തത്. ബാപ്പ എന്നോടൊപ്പം ദഹ്റാനിലേക്ക് വരൂ. ഉമ്മയെയും കൂടെ കൊണ്ടുവരൂ. ശരിക്കും പറഞ്ഞാൽ, നിങ്ങളിരുവരെയും കൊണ്ടുപോകാനാണ് ഞാനിപ്പോൾ വന്നത്. റാശിദിന്റെയും അവന്റെ ബാപ്പയുടെയും കാര്യം അവർ നോക്കിക്കൊള്ളും. ബാപ്പയുടെ രോഗം മാറും. ദഹ്റാനിൽ നമുക്ക് പഴയതെല്ലാം മറന്ന് സുഖത്തിലും സന്തോഷത്തിലും കഴിയാം."

ഇതിന് എന്തു മറുപടി കൊടുക്കണം എന്നാലോചിച്ച് കുറച്ചു നേരത്തേക്ക് അഹ്മദ് ഖലീൽ മൗനം പൂണ്ടു. ഇസ്മാഈലിനോടൊപ്പം ഒരു ദിവസം പോലും കഴിഞ്ഞുകൂടാൻ തനിക്കാവില്ല. എന്നാൽ, അവന്റെ മുഖത്ത് നോക്കി സത്യം തുറന്നു പറയുന്നതെങ്ങനെ?

(തുടരും)